**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 202** **23-01-2025 - ൽ മറുപടിയ്ക്ക്**

**കാൻസർ രോഗചികിത്സയ്ക്ക് കൂടുതൽ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ശരാശരിയേക്കാൾ ഉയർന്ന കാൻസർ രോഗ നിരക്കുള്ള കേരളത്തിൽ കാൻസർ രോഗ ചികിത്സയ്ക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ക്യാൻസർ രോഗ ചികിത്സാ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ മൂന്ന് റീജിയണൽ ക്യാൻസർ സെന്ററുകളെ മികവിന്റെ സ്ഥാപനങ്ങളായി ആരോഗ്യ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ക്യാൻസർ ചികിത്സാരംഗത്തെ നൂതന ചികിത്സാവിധികളും ശസ്ത്രക്രിയകളും ഈ റീജിയണൽ സെന്ററുകളിലൂടെ നടത്തി വരുന്നു. കൂടാതെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി ഡിപ്പാർട്ട്മെന്റും ആരോഗ്യ വകുപ്പിന് കീഴിലുള്ള 25 ആശുപത്രികളിൽ വികേന്ദ്രീകൃത ക്യാൻസർ ചികിത്സ നൽകുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്ര തലം മുതൽ ക്യാൻസർ രോഗനിർണയ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും സംശയാസ്പദമായ കേസുകൾ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ അയച്ച് സ്ഥിരീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനസംഖ്യാധിഷ്ഠിതമായി ക്യാൻസർ രോഗ സാധ്യതയുള്ളവരെ കണ്ടെത്തുന്നതിനുള്ള ഒരു ബൃഹത് സർവ്വേ, 'ശൈലി' എന്ന പേരിൽ ആശാ പ്രവർത്തകരിലൂടെ നടപ്പിലാക്കി വരുന്നു. ക്യാൻസർ രോഗ സ്ഥിരീകരണത്തിന് ആവശ്യമായ സാമ്പിളുകൾ പരിശോധനയ്ക്ക് അയക്കുന്നതിന് സാമ്പിൾ ട്രാൻസ്പോർട്ട് സിസ്റ്റവും പ്രവർത്തന സജ്ജമാണ്. അതോടൊപ്പം തന്നെ കാൻസർ രോഗ ചികിത്സക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ നിലവിലെ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്നതിനും, സമയ ബന്ധിതമായി അവ |

നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ അടങ്ങിയ “കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-30” (KCCS 2018-30) എന്ന നയരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയിലെയും ഇന്ത്യയിലെയും കേരളത്തിലെയും അർബുദ രോഗവിദഗ്ധർ വിവിധ തലങ്ങളിൽ ചർച്ച ചെയ്താണ് ഈ നയരേഖ തയ്യാറാക്കിയിട്ടുള്ളത്. കാൻസർ നിയന്ത്രണത്തിന്റെ എല്ലാവശങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ സമീപനമാണ് കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി. ഇത് 2030 വരെയുള്ള കേരളത്തിന്റെ അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾക്കു ദിശാബോധം നൽകുന്നതോടൊപ്പം ഈ നയരേഖ പ്രകാരം സർക്കാർ അർബുദ നിയന്ത്രണ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുവാൻ സംസ്ഥാനതലത്തിൽ ആരോഗ്യമന്ത്രി അധ്യക്ഷത വഹിക്കുന്ന ഒരു കമ്മിറ്റിയും (കാൻസർ കൺട്രോൾ ബോർഡ്), ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ആരോഗ്യവകുപ്പ് സെക്രട്ടറി അധ്യക്ഷത വഹിക്കുന്ന ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിൽ, ജില്ലാ കലക്ടർ അധ്യക്ഷത വഹിക്കുന്ന സമിതിയും സർക്കാർ നിർദേശ പ്രകാരം രൂപം നൽകിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ കൺവീനറും, മേഖലയിലെ അപെക്സ് കാൻസർ സെന്റർ ഡയറക്ടർ കോ-കൺവീനറും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് രക്ഷാധികാരിയുമായുള്ള ഈ സമിതി (ജില്ലാ കാൻസർ നിയന്ത്രണ സമിതി) ആണ് ജില്ലയിലെ അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.

Cancer Control Strategy Action Plan പ്രകാരം PHC, CHC തലങ്ങളിൽ കാൻസർ ബോധവത്ക്കരണ ക്ലാസ്സുകൾ എടുക്കുകയും, കാൻസർ സ്ക്രീനിംഗ് പ്രോഗ്രാമുകൾ നടത്തുകയും ക്യാൻസർ ആദ്യ സ്റ്റേജുകളകളിൽ തന്നെ കണ്ടു പിടിക്കുവാനും, ക്യാൻസർ ഉണ്ടാകാൻ സാധ്യതയുള്ള High Risk ആളുകളെയും കണ്ടെത്തുകയും, ഇവരുടെ തുടർ പരിശോധകളും ചികിത്സയും സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കുകയും കൂടാതെ ഈ രോഗികളുടെ Data Collection - നും ഈ പ്ലാൻ വഴി നടത്തുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങൾക്കായുള്ള കാൻസർ ബോധവത്ക്കരണ പരിപാടികൾ, ക്ലാസ്സുകൾ (symposium), ഗർഭാശയ കാൻസർ മുൻകൂട്ടി കണ്ടെത്താനുള്ള പാപ്പ് സ്മിയർ, കോൾപോസ്കോപ്പി പരിശോധനകളും സ്തനാർബുദം കണ്ടെത്തുന്നതിനായുള്ള Clinical Breast

Examination Class, mamogram Test എന്നിവയും ലഭ്യമാണ്.

അർബുദം നേരത്തെ കണ്ടെത്തുന്നതിനുള്ള സി. റ്റി സ്കാൻ, എം.ആർ.ഐ സ്കാൻ, PET സ്കാൻ, SPECT സ്കാൻ, മാമോഗ്രാഫി മുതലായ ആധുനിക വൈദ്യശാസ്ത്ര പരിശോധനാ സൗകര്യങ്ങൾ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, റീജണൽ കാൻസർ സെൻറർ (RCC) മാതൃകയിൽ മിനി RCC - യായി പ്രവർത്തിക്കുന്നുണ്ട്.

അർബുദ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ മുഖേനയുള്ള ചികിത്സാ (കീമോതെറാപ്പി) റേഡിയേഷൻ ചികിത്സ (റേഡിയേഷൻ തെറാപ്പി) , അർബുദ ശസ്ത്രക്രിയകൾ എന്നിവ സർക്കാർ മെഡിക്കൽ കോളേജുകൾ വഴിയും നൽകി വരുന്നുണ്ട്. റേഡിയോ തെറാപ്പി, സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ജനറൽ സർജറി എന്നീ വകുപ്പുകളുടെ ഏകോപനത്തോടു കൂടി രോഗത്തിൻറെ അവസ്ഥ മനസ്സിലാക്കി രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്ന രീതിയാണ് മെഡിക്കൽ കോളേജുകളിൽ അവലംബിച്ച് പോരുന്നത്. 12.03.2023 തീയതിയിലെ GO(Rt) No. 555/2023/H&FWD തിരുവനന്തപുരം സർക്കാർ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും ആശുപത്രികളെ ഏകോപിച്ചു ഒരു Hospital Based Cancer Registry (HBCR) ആരംഭിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ കീഴിൽ കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സംസ്ഥാന ക്യാൻസർ നിയന്ത്രണ പദ്ധതി ക്യാൻസറിനെപ്പറ്റിയുള്ള അവബോധ ക്ലാസുകൾ, ക്യാൻസർ പ്രാരംഭ ദിശകൾ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ സർക്കാർ ആശുപത്രികളിൽ ഒരുക്കി ക്യാൻസർ തുടക്കത്തിൽ തന്നെ കണ്ടെത്തുക, ക്യാൻസർ സെൻററുകളേയും മെഡിക്കൽ കോളേജുകളേയും ജില്ല ആശുപത്രികളേയും ജനറൽ ആശുപത്രികളേയും താലൂക്ക് ആശുപത്രികളേയും ഉൾപ്പെടുത്തി Cancer Care Grid രൂപീകരിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ക്യാൻസർ രോഗികൾക്ക് ആധുനിക റേഡിയേഷൻ ചികിത്സകൾ നൽകുന്നതിന്റെ ഭാഗമായി ലീനിയർ ആക്സിലറേറ്റർ (LINAC) മെഷീനുകൾ സ്ഥാപിച്ചുകൊണ്ടും സർക്കാർ ആശുപത്രികൾ വഴി മികച്ച രോഗ നിയന്ത്രണവും ചികിത്സയും നൽകാൻ

| | | | |
|---|---|---|---|
| | | | സാധിക്കുന്നുണ്ട്. അതോടൊപ്പം ടെലി കോബാൾട്ട് മെഷീൻ, ബ്രാക്കി തെറാപ്പി എന്നിവ വഴിയും റേഡിയേഷൻ നൽകി വരുന്നു. രോഗം മൂർച്ഛിച്ച അവസ്ഥയിലുള്ള ക്യാൻസർ രോഗികൾക്ക് സ്വാന്തന ചികിത്സ (പാലിയേറ്റീവ് ഓങ്കോളജി) യും നൽകി വരുന്നു. |
| (ബി) | കാൻസർ രോഗം പ്രാരംഭദശയിൽത്തന്നെ കണ്ടെത്തി ചികിത്സ തേടുന്നതിനായി നടപ്പിലാക്കിയ ജില്ലാ കാൻസർ കെയർ പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | റീജിണൽ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്കും , ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ കാൻസർ നിർണയത്തിനായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 2022 ഒക്ടോബർ മുതൽ 2024 ജൂലായ് വരെ നഴ്സിംഗ് വിഭാഗത്തിലെ (MLSP) 268 പേർക്കും, 85 ഡോക്ടർമാർക്കും പരിശീലനം നൽകിയിട്ടുണ്ട്. മൂന്ന് ദിവസത്തെ പരിശീലന പരിപാടിയിലൂടെ ഈ രണ്ടു വിഭാഗത്തിനും പ്രാക്ടിക്കൽ പരിശീലനവും നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ചവർ അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ കാൻസർ നിർണയ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. 2023 october ൽ ആർ. സി.സി നടത്തിയ മിഡ്‌ലെവൽ സർവീസ് പ്രൊവൈഡർ മാരുടെ അവലോകന യോഗത്തിൽ പങ്കെടുത്തവരിൽ നിന്നും ലഭിച്ച സ്ക്രീനിംഗ് സംബന്ധിച്ച വിവരങ്ങൾ പ്രകാരം<br><br>Oral cancer screening - 4038<br><br>Breast cancer screening - 3019<br><br>Cervical cancer screening - 348<br><br>Precancers - 207<br><br>Confirmed cancers - 6<br><br>എന്നിങ്ങനെയാണ്. ഇതിനു പുറമെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ചു കൊണ്ട് 2022 മുതൽ സ്ത്രീകളിലെ പ്രധാന കാൻസർ രോഗങ്ങളുടെ സ്ക്രീനിംഗ്, ബ്ലോക്ക് പഞ്ചായത്തിൽ നടത്തി വരികയാണ്. കൂടാതെ ജനസംഖ്യാധിഷ്ഠിതമായി ക്യാൻസർ രോഗ സാധ്യതയുള്ള ജനങ്ങളെ ആശാ പ്രവർത്തകർ ശൈലി സർവ്വേയിലൂടെ കണ്ടെത്തുകയും അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തു വരികയും ചെയ്യുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം തുടങ്ങിയ ക്യാൻസറുകൾ കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനും ഉള്ള ഏർലി കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. രോഗം |

| | | | |
|---|---|---|---|
| | | | സ്ഥിരീകരിച്ച വ്യക്തികളെ റീജിയണൽ കാൻസർ സെൻ്ററുകളിലോ മറ്റ് അർബുദ ചികിത്സാ കേന്ദ്രങ്ങളിലോ റഫർ ചെയ്തു ക്യാൻസർ ചികിത്സ ഉറപ്പാക്കുന്നതിനുള്ള ജില്ലാ ക്യാൻസർ കെയർ പദ്ധതിയും എല്ലാ ജില്ലകളിലും പ്രവർത്തനക്ഷമമാണ്.<br><br>നയരേഖപ്രകാരം പ്രാരംഭ അർബുദ നിർണ്ണയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എംസിസി-PGIOSR ന്റെ നേതൃത്വത്തിൽ ജില്ല കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ കാൻസർ കൺട്രോൾ കമ്മിറ്റികൾ (DCCC) രൂപീകരിക്കുന്നതിനുള്ള യോഗങ്ങൾക്ക് 2021 ൽ തുടക്കമിടുകയും കണ്ണൂർ,കാസർകോട്, വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജില്ല കളക്ടർമാരുടെ അധ്യക്ഷതയിൽ യോഗങ്ങൾ ചേരുകയും കമ്മിറ്റികൾ രൂപീകരിക്കുകയും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. 2022-ൽ ആശാ വർക്കർ,ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നീ വിഭാഗത്തിൽപ്പെടുന്ന 265 ആരോഗ്യ പ്രവർത്തകർക്ക് 6 ബാച്ചുകളിലായി പരിശീലനവും 2022- 2023 വർഷത്തിൽ 7 ബാച്ചുകളിലായി 196 MLSP സ്റ്റാഫ് നഴ്സ് മാർക്ക് പരിശീലനവും നൽകി. 2022 ൽ നടന്ന മെഡിക്കൽ ഓഫീസർമാർക്കുള്ള പരിശീലനത്തിൽ 3 ബാച്ചുകളിലായി 82 ഡോക്ടർമാർ പങ്കെടുത്തു. 2023 ൽ 2 ബാച്ചുകളിലായി 42 ഡോക്ടർമാർ, 17 സ്പെഷ്യാലിറ്റി ഡോക്ടർമാരും പങ്കെടുത്തിട്ടുണ്ട്. സ്പെഷ്യാലിറ്റി നഴ്സുമാർക്കുള്ള പരിശീലനങ്ങളുടെ ഭാഗമായി 21 പേർക്ക് കാൻസർ സ്ക്രീനിങ്, നിർണ്ണയം, ചികിത്സ, അർബുദ പ്രതിരോധം എന്നിവയിൽ പരിശീലനം നൽകി കഴിഞ്ഞു. |
| (സി) | കാൻസർ ചികിത്സാ കേന്ദ്രങ്ങളും മെഡിക്കൽ കോളേജുകളും മറ്റ് സർക്കാർ ആശുപത്രികളും ഉൾപ്പെടുത്തി കാൻസർ ചികിത്സ വികേന്ദ്രീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ക്യാൻസർ ചികിത്സ കേന്ദ്രങ്ങളെയും മെഡിക്കൽ കോളേജുകളെയും മറ്റ് സർക്കാർ ആശുപത്രികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്യാൻസർ കെയർ ഗ്രിഡ് എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ ക്യാൻസർ രോഗികൾക്ക് ആവശ്യമായ പരിശോധനകൾ നടത്തുന്നതിനും രോഗികൾക്ക് സൗകര്യപ്രദമായ രീതിയിൽ ചികിത്സ നൽകുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ക്യാൻസർ ചികിത്സ ആരംഭിച്ച വ്യക്തികൾക്ക് ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പ്രവർത്തിക്കുന്ന വികേന്ദ്രീകൃത ക്യാൻസർ കെയർ ക്ലിനിക്കുകളിൽ തുടർ ചികിത്സയും ലഭ്യമാണ്. കൂടാതെ വികേന്ദ്രീകൃത അർബുദ നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കാൻസർ ചികിത്സാ രംഗത്ത് ഏകീകൃത സ്വഭാവം കൊണ്ടു വരുന്നതിന്റെ ഭാഗമായി വിവിധ |

| | | | |
|---|---|---|---|
| | | | അർബുദങ്ങൾക്കുള്ള ചികിത്സാ പ്രോട്ടോകോളുകൾ തയ്യാറാക്കിയതിലൂടെ ചികിത്സാ ചിലവ് കുറയ്ക്കുന്നതിനും രോഗ അതിജീവന സാധ്യത വർധിപ്പിക്കുന്നതിനും സാധിക്കുന്നു. താലൂക്ക്, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ തുടർപരിശോധനകളും ജില്ലാ ആശുപത്രികളിൽ അടിസ്ഥാന അർബുദ ചികിത്സകളും, മെഡിക്കൽ കോളേജുകളിൽ സമഗ്രചികിത്സയും, അപെക്സ് സെന്ററുകളിൽ സമഗ്രവും നൂതനവുമായ ചികിത്സയും ലഭ്യമാകും. കാൻസർ കെയർ ഗ്രിഡിലെ ഉചിതമായ സ്ഥാപനത്തിൽ നിന്ന് രോഗിക്ക് ഗുണമേന്മയുള്ള പരിചരണം ലഭിക്കുമെന്നതിനാൽ രോഗികൾക്ക് അനാവശ്യ യാത്രകൾ ഒഴിവാക്കാനും, രോഗനിർണയത്തിനും തുടർ പരിചരണത്തിനും സഹായകരമാകുകയും ചെയ്യും. ഈ സേവനങ്ങൾ നൽകുന്നതിന് ഉചിതമായ അടിസ്ഥാന സൗകര്യങ്ങളും വിഭവങ്ങളും ലഭ്യമാണെന്ന് ഉറപ്പുവരുത്തി, കാൻസർ ആരോഗ്യപരിപാലന മേഖല ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>കോവിഡ് സമയത്ത് ആർസിസി-യിലെ ഡോക്ടർമാരേയും ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരേയും ഉൾപ്പെടുത്തി ആർസിസി കാൻസർ ചികിൽസാ വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കിയിരുന്നു . സോളിഡ് ട്യൂമറുകൾക്കുള്ള പല കീമോതെറാപ്പികളും ഇങ്ങനെ നൽകിയിരുന്നു. ഈ സംവിധാനം ഇപ്പോഴും തുടർന്ന് വരുന്നു . |
| (ഡി) | കാൻസർ ചികിത്സയ്ക്കായി രോഗികൾ വളരെ ദൂരം യാത്ര ചെയ്യേണ്ടിവരുന്നത് ഒഴിവാക്കാനായി റഫറൽ പാത്ത് വേ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പ്രക്രിയ സുഗമമാക്കുന്നതിന് കാൻസർ കെയർ സ്യൂട്ട്, കേരള കാൻസർ ഗ്രിഡ് എന്നിവ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ക്യാൻസർ ചികിത്സ ജനങ്ങൾക്ക് പ്രാപ്യമാംവിധം ലഭിക്കുന്നതിനായി എല്ലാ ജില്ലകളിലെയും 25 ജില്ലാ/ താലൂക്ക് ആശുപത്രികളിൽ കാൻസർ കെയർ ക്ലിനിക്കുകളും ആരംഭിച്ച് കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാവിധികൾ നടപ്പിലാക്കുന്നു. കാൻസർ രോഗ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ജനങ്ങൾക്ക് സൗകര്യമാം വിധം പരിശോധനകളും ചികിത്സയും സുഗമമാക്കുന്നതിനായി കേരള കാൻസർ കെയർ ഗ്രിഡ് എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുള്ളതും ആയത് ഡിജിറ്റൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാകുന്നു.പ്രാഥമികതലം മുതൽ രോഗനിർണയത്തിനും ചികിത്സക്കും റഫറലിനും ഉതകുന്ന രീതിയിൽ ഒരു ക്യാൻസർ കെയർ സ്യൂട്ടും ഇ-ഹെൽത്തിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |

കേരളത്തിലെ എല്ലാ ജനങ്ങൾക്കും അവരുടെ താമസസ്ഥലത്ത്നിന്ന് 50 കിലോമീറ്റർ ചുറ്റളവിൽ താങ്ങാനാവുന്ന നിരക്കിൽ അർബുദ നിർണ്ണയ, ചികിത്സാസേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നൂതന ആശയമാണ് കേരള കാൻസർ കെയർ ഗ്രിഡ് എന്ന പേരിൽ റഫറൽ പാത്ത് വേ രൂപീകരിച്ചത്. നിർവചിക്കപ്പെട്ട സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ ഒരു ശൃംഖലയായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവർത്തനം സുഗമമാക്കുന്നതിന് സംസ്ഥാനത്തെ ക്യാൻസർ രോഗികളുടെ വിവരങ്ങൾ അടങ്ങിയ വിവര ശൃംഖല"കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി " യെ പിന്തുണയ്ക്കുന്നതിനായി ഇ-ഹെൽത്ത് - സംസ്ഥാന ഡിജിറ്റൽ ഹെൽത്ത് മിഷൻ ", കേരള കാൻസർ കെയർ സ്യൂട്ട്" എന്ന പേരിൽ ഒരു ഐ.ടി പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു . അതിൽ ഒന്നിലധികം ആപ്ലിക്കേഷനുകൾ ഉൾപ്പെടുന്നു. രോഗനിർണയം നടത്തിയ ഓരോ കേസും രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്യൂട്ട് പോർട്ടൽ, കാൻസർ രോഗനിർണയ ചികിത്സാ കേന്ദ്രങ്ങൾക്കു തടസ്സമില്ലാതെ ഉപയോഗിക്കാം. SHAILI മൊബൈൽ ആപ്പ് ആശാപ്രവർത്തകർക്കായി 2022 മെയ് 17 ന് ആരംഭിച്ചു.

സംസ്ഥാനത്തെ അർബുദ രോഗ ചികിത്സാ സേവനങ്ങളെ, അവിടെ ലഭ്യമായ നിർണ്ണയ ചികിത്സാ സൗകര്യങ്ങൾക്കനുസരിച്ചു നാല് തലങ്ങളായി തരം തിരിച്ചിരിക്കുന്നു. 1) ലെവൽ 4: മൂന്ന് അപെക്സ് കാൻസർ സെന്ററുകൾ (എംസിസി, സിസിആർസി, ആർസിസി) 2)ലെവൽ 3: ഓങ്കോളജി വിഭാഗമുള്ള മെഡിക്കൽ കോളേജുകൾ,3) ലെവൽ 2: ജില്ലാആശുപത്രികൾ 4) ലെവൽ 1a (FHC, PHC, CHC), ലെവൽ1 b (താലൂക്ക് ആശുപത്രികൾ,CHC) എന്നിവ.

ജില്ലാ ആശുപത്രികളിൽ അടിസ്ഥാന അർബുദ ചികിത്സകൾക്കും സൗകര്യം ഒരുക്കും. മെഡിക്കൽ കോളേജുകളിൽ സമഗ്ര ചികിത്സയും അപെക്സ് സെന്ററുകളിൽ സമഗ്രവും നൂതനവുമായ ചികിത്സ ലഭ്യമാക്കും. ഇതിന്റെ ഭാഗമായി എംസിസിയിലും ആർസിസിയിലും റോബോട്ടിക്ക് സർജറി സംവിധാനവും ഡിജിറ്റൽ പാത്തോളജി സംവിധാനവും ഒരുക്കിയിട്ടുണ്ട് . കാൻസർ കെയർ ഗ്രിഡിലെ ഉചിതമായ സ്ഥാപനത്തിൽ നിന്ന് രോഗിക്ക് ഗുണമേന്മയുള്ള പരിചരണം ലഭിക്കുമെന്നതിനാൽ ഇത് അനാവശ്യ യാത്രകൾ

| |
|---|
| കുറയ്ക്കുകയും, രോഗനിർണയത്തിനും തുടർ പരിചരണത്തിനും സഹായകരമാകുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ